മെഡിക്കൽ സയൻസസ് എന്നിവയെ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. ഈ വർഷം നവംബർ മുപ്പതുവരെ 2,04,940 പേർക്ക് 63,90,98,698 രൂപയുടെ സൗജന്യ ചികിത്സ നൽകി കഴിഞ്ഞു. ഇതിൽ 27,98,68,242 കോടി രൂപ സർക്കാർ ആശുപത്രികൾക്കു നൽകിയ ചികിത്സ തുകയും 35,95,37,456 കോടി രൂപ പ്രൈവറ്റ് ആശുപത്രികൾക്ക് നൽകിയ ചികിത്സ തുകയുമാണ്. 31-3-2011 ആകുമ്പോഴേയ്ക്കും ഏകദേശം 3,37,000 കുടുംബങ്ങൾക്ക് 130 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(18) വൈദ്യുതി പോസ്റ്റുകളുടെ അഭാവം

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, വൈദ്യുതി പോസ്റ്റുകളുടെ അഭാവം മൂലം മലപ്പുറം ജില്ലയിലെ കെ.എസ്.ഇ.ബി. യുടെ പ്രവർത്തനങ്ങൾക്ക് വളരെ കാലതാമസം നേരിടുകയും സ്തംഭനാവസ്ഥയിലായിരിക്കുകയുമാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് എം.എൽ.എ.മാരുടെ നേതൃത്വത്തിൽ നടക്കുന്ന സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയാണ്. ഈ പദ്ധതി അനൗൺസ് ചെയ്ത സമയത്താണ് മങ്കട മണ്ഡലത്തിൽ പ്രവർത്തനങ്ങൾ തുടങ്ങിയത്. അതു മാത്രമാണ് ഏതാനും മാസങ്ങൾക്കു മുമ്പ് പൂർത്തിയായത്. ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന മലപ്പുറം കൊണ്ടോട്ടിയിലും അതുപോലെ പെരിന്തൽമണ്ണ മണ്ഡലങ്ങളിൽ 25-30 ശതമാനം പ്രവൃത്തികൾ മാത്രമേ ഇതുവരെ നടന്നിട്ടുള്ളൂ. താനൂരും മഞ്ചേരി മണ്ഡലത്തിലും പണമടച്ച് കാത്തിരിക്കുകയാണ്. ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നം മലപ്പുറം ജില്ലയിൽ വൈദ്യുതി പോസ്റ്റുകൾ ലഭിക്കുന്നില്ല എന്നുള്ളതാണ്. വൈദ്യുതി പോസ്റ്റുകൾ നിർമ്മിക്കുന്ന രണ്ട് യൂണിറ്റുകൾ മലപ്പുറം ജില്ലയിലുണ്ടായിരുന്നു. ഒന്ന് വണ്ടൂർ. വണ്ടൂരിൽ നിർമ്മിച്ച പോസ്റ്റുകൾ ഗുണനിലവാരമില്ലാത്തതാണെന്നതിന്റെ പേരിൽ അത് സ്വീകരിക്കപ്പെടാതിരിക്കുകയും അവിടെ ആ പ്രവർത്തനം നിലയ്ക്കുകയും ചെയ്തിരിക്കുകയാണ്. കുറ്റിപ്പുറത്ത് വലിയ റേറ്റ് വേണമെന്നുള്ള അവിടത്തെ സ്ഥാപന ഉടമയുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ അവിടേയും കുറേ കാലമായി പോസ്റ്റ് നിർമ്മാണം നടക്കുന്നില്ല. ചുരുക്കത്തിൽ മലപ്പുറം ജില്ലയിൽ രണ്ട് പോൾകാസ്റ്റിംഗ് യൂണിറ്റുകൾ പ്രവർത്തനരഹിതമാണ്. പാലക്കാട് ജില്ലയിൽനിന്നൊക്കെയാണ് ഇപ്പോൾ പോസ്റ്റുകൾ വന്നു കൊണ്ടിരിക്കുന്നത്. ഓരോ മണ്ഡലത്തിലേയും സമ്പൂർണ്ണ വൈദ്യുതീകരണത്തിനു വേണ്ടി ആയിരക്കണക്കിന് പോസ്റ്റുകൾ ആവശ്യമാണ്. പോസ്റ്റുകൾ കിട്ടാത്തതു കൊണ്ട് ആ പ്രവർത്തനങ്ങളെല്ലാം തന്നെ മുടങ്ങിക്കിടക്കുന്ന ഒരു അവസ്ഥയുണ്ട്. 2010 മാർച്ച് മാസം വരെയുള്ള സി.ഡി അടച്ചിട്ടുള്ള അഞ്ച് പോസ്റ്റുകൾ വരെയുള്ള മുഴുവൻ ആളുകൾക്കും വൈദ്യുതി കൊടുക്കുവാൻ കെ.എസ്.ഇ. ബോർഡ് ഉത്തരവിട്ടിട്ടുണ്ട്. അടുത്ത ജില്ലകളിലെല്ലാം അത് നടക്കുന്നുണ്ട്. കാരണം പോസ്റ്റ് അവിടെയുണ്ടെന്നുള്ളതുകൊണ്ട് വൈദ്യുതീകരണം നടക്കുന്നുണ്ട്. പക്ഷേ മലപ്പുറം ജില്ലയിൽ ഇപ്പോഴും 2009 മാർച്ച് മാസംവരെയുള്ളത് മാത്രമേ കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഒന്നരക്കൊല്ലത്തോളമുള്ള ബാക്ക്‌ലോഗ് അവിടെ കിടക്കുകയാണ്. അതുപോലെതന്നെ വൈദ്യുതി ബോർഡ് അവരുടെ സ്വന്തം നിലയിൽ ഉണ്ടാക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

കൾക്കും നാലും അഞ്ചും വർഷം മുമ്പ് ഉണ്ടാക്കിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്കും ഇപ്പോഴും പോസ്റ്റിന്റെ അഭാവം കാരണം കൊടുക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഈ അവസ്ഥ പരിഹരിക്കുവാൻ മലപ്പുറം ജില്ലയ്ക്ക് പ്രത്യേകമായി, എം.എൽ.എ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആവശ്യമായ പോസ്റ്റുകൾ ഉടനടി ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മലപ്പുറം ജില്ലയിൽ 2010 വരെ പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിന് കഴിഞ്ഞ യു.ഡി.എഫ്.- ഗവൺമെന്റിന്റെ കാലത്ത് 2005-ൽ രൂപ എഞ്ചിനിയറിംഗ് കോർപ്പറേഷൻ വണ്ടൂർ, മെക്കോൺ ഫ്രീ ഹാബ് മാമനാട്ടുകര, വരുണ എഞ്ചിനീയറിംഗ് വർക്ക്സ് കുറ്റിപ്പുറം എന്നീ കമ്പനികൾക്കാണ് കരാർ നൽകിയത്. എന്നാൽ ഈ കമ്പനികൾ സമയബന്ധിതമായി പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതുമൂലമാണ് മലപ്പുറം ജില്ലയിൽ പോസ്റ്റുകൾക്ക് ക്ഷാമമുണ്ടായതെന്നുള്ളത് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് സത്യസന്ധമായ കാര്യമാണ്. മറ്റ് ജില്ലകളിൽനിന്ന് പോസ്റ്റുകൾ ഡൈവർട്ട് ചെയ്ത് പ്രശ്ന പരിഹാരത്തിന് ശ്രമിച്ചെങ്കിലും പൂർണ്ണ പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞില്ല. പോസ്റ്റ് നിർമ്മാണം എളുപ്പത്തിൽ തുടങ്ങാവുന്ന ഒരു കാര്യമല്ലാത്തതിനാൽ ഈ കമ്പനികളിൽനിന്ന് തന്നെ പോസ്റ്റ് കിട്ടുന്നതിനുള്ള ശ്രമവും നടത്തി. എന്നാൽ കരാറിലെ വ്യവസ്ഥകൾ പ്രകാരം കമ്പനികൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ അംഗീകരിക്കാൻ കഴിയാത്ത പ്രശ്നം ഉണ്ടായി. ഈ സാഹചര്യത്തിൽ ഈ കമ്പനികളുമായിട്ടുള്ള കരാറുകൾ റദ്ദ് ചെയ്ത് വീണ്ടും ടെൻഡർ വിളിച്ചു. ടെൻഡർ നടപടികൾ പൂർത്തിയായി മലപ്പുറം ജില്ലയിലെ മഞ്ചേരി, തിരൂർ സർക്കിളുകളിലേക്ക് രണ്ട് വർഷത്തേക്ക് പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിനുള്ള കരാർ ഇപ്പോൾ പുതിയ മൂന്ന് കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ജ്യോതി കൺസ്ട്രക്ഷൻ കമ്പനി, ശിവശക്തി ആന്റ് ഫാബ്രിക്കേഷൻ, ആംഗർ സ്ട്രക്ച്ചറൽ എന്നീ കമ്പനികൾക്ക് 95,000 പോസ്റ്റുകൾക്കുള്ള ഓർഡറുകളാണ് നൽകിയിട്ടുള്ളത്. ജനുവരി അവസാനത്തോടെ പോസ്റ്റുകൾ കിട്ടിത്തുടങ്ങും. ഇപ്പോൾ പാലക്കാട് ജില്ലയിൽനിന്നുള്ള പോസ്റ്റുകളാണ് മലപ്പുറത്ത് നൽകുന്നത്. പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് പോകുമ്പോൾ സ്വാഭാവികമായും നമ്മൾ വിചാരിച്ചതിനേക്കാൾ കൂടുതൽ പോസ്റ്റുകൾ ആവശ്യമായി വരും. ഇതിനകം 23,00,000 കണക്ഷനുകളാണ് നമ്മൾ കൊടുത്തിട്ടുള്ളത്. സാധാരണ നിലയിൽ പ്രതീക്ഷിക്കാവുന്നതിനേക്കാളും കൂടുതൽ പോസ്റ്റുകൾ ആവശ്യമായി വരുന്നതാണ് പോസ്റ്റുകളുടെ ക്ഷാമത്തിന്റെ മറ്റൊരു കാരണം. വോൾട്ടേജ് പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത 25 വർഷത്തിനുള്ളിൽ കേരളത്തിൽ വോൾട്ടേജ് പ്രശ്നം ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി നാലരവർഷക്കാലത്തിനിടയിൽ 18,500 ട്രാൻസ്ഫോർ

LIBRARY ARCHIVES Kerala Legislative Assembly

മറുകളാണ് വച്ചിട്ടുള്ളത്. 500 എണ്ണംകൂടി ഇപ്പോൾ വയ്ക്കാൻ പോകുകയാണ്. മൊത്തം 20,000 ട്രാൻസ്ഫോർമറുകളാണ്. കേരളം ഉണ്ടായതിനുശേഷം ആകെ 40,000 ട്രാൻസ്ഫോർമറുകളെ ഇവിടെ ഉണ്ടായിട്ടുള്ളു. അതിന്റെ നേരെ പകുതി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് സ്ഥാപിച്ചിട്ടുള്ളത്. അങ്ങയുടെ മണ്ഡലത്തിൽ തന്നെ വോൾട്ടേജ് പ്രശ്നം എത്ര രൂക്ഷമായിരുന്നു. ഇപ്പോൾ നല്ല വെളിച്ചമില്ലേ? ഇനി ഒരു പ്രശ്നവുമുണ്ടാകില്ല. ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ മണ്ഡലത്തിലും വോൾട്ടേജ് പ്രശ്നം ഉണ്ടാകില്ല.

(17) കള്ളുചെത്ത് വ്യവസായം

ശ്രീ. വി. എസ്. സുനിൽ കുമാർ: മലപ്പുറം ജില്ലയിൽ ഉണ്ടായ നിർഭാഗ്യകരമായ മദ്യ ദുരന്തത്തിനുശേഷം തൃശ്ശൂർ ജില്ലയിലെ കള്ളുഷാപ്പുകളെല്ലാം അടച്ചുപൂട്ടുകയുണ്ടായി. പിന്നീട് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം കമ്മീഷണറുമായി നടത്തിയ ചർച്ചയെത്തുടർന്ന് ഷാപ്പ് തുറന്നെങ്കിലും ഒരാഴ്ച മാത്രമാണ് തുറന്ന് പ്രവർത്തിച്ചത്. അതിനുശേഷം വീണ്ടും കഴിഞ്ഞ മുന്നര മാസമായി ഷാപ്പുകൾ അടഞ്ഞുകിടക്കുകയാണ്. ഫലത്തിൽ മുന്നര മാസമായി തൃശ്ശൂർ ജില്ലയിലെ കള്ളുചെത്ത് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന 1800 ഓളം വരുന്ന തൊഴിലാളികൾ ജോലി നഷ്ടപ്പെട്ട് പട്ടിണിയിലായിരിക്കുകയാണ്. ഇവിടെ ശുദ്ധമായ കള്ള് വിൽക്കാനും കള്ളക്കള്ള് വിൽക്കാതിരിക്കാനും വേണ്ടിയാണ് ഗവൺമെന്റ് ഇങ്ങനെ ശക്തമായ നടപടികൾ സ്വീകരിച്ചത്. അതിനെ ഞങ്ങളെല്ലാം സ്വാഗതം ചെയ്യുന്നു. പക്ഷെ തൃശ്ശൂർ താലൂക്കിൽ കള്ളുചെത്ത് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ചെത്ത് തൊഴിലാളികൾ ആരും കള്ളക്കള്ള് ഉൽപാദിപ്പിക്കുന്നവരല്ല. അവർ ശുദ്ധമായ കള്ള് ഉൽപ്പാദിപ്പിക്കുന്ന, പാരമ്പര്യമായി തൊഴിലെടുത്തുകൊണ്ടിരിക്കുന്ന, വേറെ ഒരു തൊഴിലും അറിയാത്ത പാവപ്പെട്ട തൊഴിലാളികളാണ്. കഴിഞ്ഞ മുന്നര മാസമായി 94 ഷാപ്പുകളിലായി 1800-ഓളം വരുന്ന തൊഴിലാളികൾ ജോലിയില്ലാതെ പട്ടിണിയിലേക്ക് പോയിട്ടും ഒരു നടപടിയും ഉണ്ടാകുന്നില്ല. ഒരു മാസമായി അനധികൃതമായി അടച്ചുപൂട്ടിയിരിക്കുന്ന ഷാപ്പ് ഗവൺമെന്റ് ലൈസൻസ് റദ്ദ് ചെയ്തുകൊണ്ട് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റിനെ ഏൽപ്പിക്കാൻ തീരുമാനമുണ്ടായി. ഡിപ്പാർട്ടുമെന്റ് മാനേജ്മെന്റിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടും ഇതുവരെ ഷാപ്പ് തുറക്കാൻ ആവശ്യമായ നടപടിയിലേയ്ക്ക് വന്നിട്ടില്ല. അതുകൊണ്ട് ആ മേഖലയിലെ തൊഴിലാളികൾ വളരെ അപകടകരമായ സ്ഥിതിയിലേക്ക് പോകുകയാണ്. ഇപ്പോൾ എക്സൈസ് വകുപ്പുമന്ത്രിക്ക് സുഖമില്ലാത്തതു കാരണം സഭയത്തില്ല, അദ്ദേഹത്തിന്റെ ചുമതലക്കാരനായ മന്ത്രിയും ഇവിടെ ഇപ്പോൾ ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടിയന്തരമായി എക്സൈസ് കമ്മീഷണറോ അല്ലെങ്കിൽ മന്ത്രിയോ ബന്ധപ്പെട്ട ആളുകളെ വിളിച്ചു കൂട്ടി എത്രയും പെട്ടന്ന് ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കണം. ശുദ്ധമായ കള്ള് ഉൽപ്പാദിപ്പിക്കുന്ന പാവപ്പെട്ട തൊഴിലാളികളെ ഉപദ്രവിച്ചു

LIBRARY ARCHIVES Kerala Legislative Assembly